**മധുരമായ കുട്ടികളെ- തന്റെ ലക്ഷ്യത്തെയും ലക്ഷ്യദാതാവായ ബാബയെയും ഓർമ്മിക്കൂ എങ്കിൽ ദൈവീക ഗുണങ്ങൾ വന്നു ചേരും, ആർക്കെങ്കിലും ദുഖം കൊടുക്കുക, ആക്ഷേപിക്കുക ഇതെല്ലാം ആസുരീയ ലക്ഷണമാണ്.**

**ചോദ്യം-** ബാബയ്ക്ക് നിങ്ങൾ കുട്ടിളോട് വളരെ ഉയർന്ന സ്നേഹമാണ്, അതിന്റെ അടയാളമെന്താണ് ?
**ഉത്തരം-** ബാബ നൽകുന്ന മധുര-മധുരമായ പഠിപ്പുകൾ, ഈ പഠിപ്പ് നൽകുന്നതു തന്നെയാണ് ബാബയുടെ ഉയർന്ന സ്നേഹത്തിന്റെ അടയാളം. ബാബയുടെ ആദ്യത്തെ പഠിപ്പാണ് - മധുരമായ കുട്ടികളെ, 1) ശ്രീമത്ത് തെറ്റിച്ച് ഏതൊരു തലകീഴായ കർമ്മവും ചെയ്യരുത്. 2) നിങ്ങൾ വിദ്യാർത്ഥികളാണ് അതുകൊണ്ട് നിങ്ങൾ നിയമം കയ്യിലെടുക്കരുത്. നിങ്ങളുടെ വായിൽ നിന്നും സദാ രത്നങ്ങൾ വീഴണം, കല്ലുകളായിരിക്കരുത്.

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ഇപ്പോൾ ഇവരെ ( ലക്ഷ്മീനാരായണൻ) നന്നായി നോക്കൂ. ഇതാണ് നിങ്ങളുടെ ലക്ഷ്യം അതായത് നിങ്ങൾ വംശത്തിൽ ഉള്ളവരായിരുന്നു. ഇത് രാത്രിയുടെയും പകലിന്റെയും വ്യത്യാസമാണ്, അതുകൊണ്ട് ഇടക്കിടെ ഈ ചിത്രം കണ്ടുകൊണ്ടിരിക്കണം. നമുക്ക് ഇതുപോലെയായിത്തീരണം. ഇവരുടെ മഹിമയെക്കുറിച്ചും നല്ല രീതിയിൽ അറിയാമല്ലോ. ഈ ചിത്രം പോക്കറ്റിൽ വയ്ക്കുന്നതിലൂടെത്തന്നെ സന്തോഷമുണ്ടാവുന്നു. ഉള്ളിൽ സംശയങ്ങളൊന്നും ഉണ്ടാകരുത്, അത് ദേഹാഭിമാനമാണ്. ദേഹീഭിമാനിയായി മാറി ഈ ലക്ഷ്മീനാരായണന്റെ ചിത്രത്തെ കാണുകയാണെങ്കിൽ മനസ്സിലാക്കാൻ സാധിക്കുന്നു നമ്മൾ ഇവർക്കു സമാനമായിക്കൊണ്ടിരിക്കുകയാണ്. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾക്ക് ഇവരെപ്പോലെയാവണം. മധ്യാജീഭവ, ലക്ഷ്മീനാരായണന്റെ ചിത്രത്തെക്കാണണം, ഓർമ്മിക്കണം. ഒരു ഉദാഹരണം പറയാറുണ്ടല്ലോ, ഞാൻ പോത്താണ് എന്ന് ചിന്തിച്ച് സ്വയത്തെ പോത്തിനെപ്പോലെയാണെന്ന് മനസ്സിലാക്കി. നിങ്ങൾക്കറിയാം ഇത് നമ്മുടെ ലക്ഷ്യമാണ്. ഇവരെപ്പോലെയായി മാറണം പക്ഷേ എങ്ങിനെ മാറും? ബാബയുടെ ഓർമ്മയിലൂടെ. ഓരോരുത്തരും അവനവനോടു ചോദിക്കൂ- ഇവരെക്കണ്ട് (ലക്ഷ്മീനാരായണൻ) നമ്മൾ ബാബയെ ഓർമ്മിക്കുന്നുണ്ടോ? ബാബ നമ്മെ ദേവതയാക്കിയാണ് മാറ്റുന്നത്. എത്ര കഴിയുന്നുവോ ഓർമ്മിക്കണം. പക്ഷേ ബാബതന്നെ പറയുന്നു ഒരിക്കലും നിരന്തരം ഓർമ്മിക്കുവാൻ സാധിക്കില്ല പുരുഷാർത്ഥം ചെയ്യണം. ഗൃഹസ്ഥ വ്യവഹാരത്തിലെ കാര്യങ്ങൾ ചെയ്തുകൊണ്ടും ലക്ഷ്മീനാരായണനെ ഓർമ്മിക്കുകയാണെങ്കിൽ തീർച്ചയായും ബാബയെയും ഓർമ്മവരും. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ഇവരെയും തീർച്ചയായും ഓർമ്മ വരും. നമുക്ക് ഇവർക്ക് സമാനമായി മാറണം. ഈ ലഹരി മുഴുവൻ ദിവസവും ഉണ്ടായിരിക്കണം. അങ്ങനെയാണെങ്കിൽ ഒരിക്കലും പരസ്പരം ആക്ഷേപിക്കുകയില്ല. ഇവർ ഇങ്ങനെയാണ് അവർ അങ്ങനെയാണ് ..... ആരാണോ ഈ കാര്യങ്ങളിൽ മുഴുകിയിരിക്കുന്നത് അവർക്ക് ഒരിക്കലും ഉയർന്ന പദവി നേടാൻ സാധിക്കില്ല. അവർ അതുപോലെത്തന്നെയായിത്തീരുന്നു. എത്ര സഹജമായാണ് ബാബ മനസ്സിലാക്കിത്തരുന്നത്. ബാബയെ ഓർമ്മിക്കൂ ലക്ഷ്മീനാരായണനെ ഓർമ്മിക്കൂ എന്നാൽ ഇവരെ പ്പോലെയായിത്തീരും. ഇവിടെ നിങ്ങൾ സന്മുഖത്താണ് ഇരിക്കുന്നത്, എല്ലാവരുടെ വീട്ടിലും ലക്ഷ്മീ നാരായണന്റെ ചിത്രം ഉണ്ടായിരിക്കണം. എത്ര കൃത്യമായ ചിത്രമാണ്. ഇവരെ ഓർമ്മിക്കുകയാണെങ്കിൽ ബാബയെയും ഓർമ്മവരും. മുഴുവൻ ദിവസവും മറ്റുള്ള കാര്യങ്ങൾ കേൾപ്പിക്കുന്നതിനു പകരം ഈയൊരു കാര്യം കേൾപ്പിച്ചുകൊണ്ടിരിക്കൂ. ഇവർ അങ്ങിനെയാണ് ഇങ്ങനെയാണ്....ഇങ്ങനെ മറ്റുള്ളവരെ നിന്ദിക്കുന്നതിനെ ആശയക്കുഴപ്പത്തിലേക്ക് വരിക എന്നാണ് പറയുന്നത്. നിങ്ങൾ തന്റെ ബുദ്ധിയെ ദൈവീകമാറ്റി മാറ്റണം. ആർക്കെങ്കിലും ദുഖം നൽകുക, ആക്ഷേപിക്കുക, ചഞ്ചലപ്പെടുത്തുക ഇങ്ങനെയുള്ള സ്വഭാവം പാടില്ല. ഈ സ്വഭാവത്തിലായിരുന്നു നിങ്ങൾ അരക്കൽപ്പം ഉണ്ടായിരുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വളരെ മധുരമായ പഠിപ്പാണ് ലഭിക്കുന്നത്. ഇതിനേക്കാൾ ഉയർന്ന സ്നേഹം മറ്റാരിൽ നിന്നും ലഭിക്കില്ല. ശ്രീമത്ത് തെറ്റിച്ചിട്ടുള്ള തലകീഴായ കർമ്മങ്ങൾ ചെയ്യരുത്. സാക്ഷാത്കാരത്തിലേക്ക് പോകുന്നതിനെക്കുറിച്ചും ബാബ ബാബ നിർദ്ദേശം നൽകുന്നു, കേവലം ഭോഗ് വെച്ച് വരൂ. ആ സമയത്ത് വൈകുണ്ഢത്തിലേക്ക് പോവുകയോ രാസലീലകളിൽ ഏർപ്പെടുകയോ ചെയ്യരുത്. ഭോഗ് വയ്ക്കുന്ന സമയത്ത് ബുദ്ധി മറ്റു സ്ഥലത്തേക്ക് പോയി എങ്കിൽ മനസ്സിലാക്കിക്കൊള്ളൂ മായ പ്രവേശിച്ചു എന്ന്. മായയുടെ നമ്പർ വൺ കർത്തവ്യമാണ് പതിതമാക്കുക. നിയമം തെറ്റിച്ചിട്ടുള്ള പെരുമാറ്റത്തിലൂടെ വളരെയധികം ബുദ്ധിമുട്ടുണ്ടാകും. അഥവാ അവനവനെ സംരക്ഷിച്ചില്ലായെങ്കിൽ ഇതിലൂടെ കടുത്ത ശിക്ഷകൾ അനുഭവിക്കാൻ സാദ്ധ്യതയുണ്ട്. ബാബ അച്ഛനോടൊപ്പം ധർമ്മരാജനും കൂടിയാണ്. ബാബയുടെ പക്കൽ നമ്മുടെ പരിധിയില്ലാത്ത കർമ്മത്തിന്റെ കണക്കുകളുണ്ടാകും. രാവണന്റെ ജയിലിൽ എത്ര വർഷങ്ങൾ ശിക്ഷകൾ അനുഭവിച്ചു വന്നു. ഈ ലോകത്തിൽ അപാര ദുഖമാണുള്ളത്. ഇപ്പോൾ ബാബ

പറയുന്നു മറ്റ് എല്ലാകാര്യങ്ങളും മറന്ന് ഒരേയൊരു ബാബയെ ഓർമ്മിക്കൂ. ഉള്ളിലുള്ള എല്ലാ അഴുക്കുകളെയും കളയൂ. ആരാണ് നിങ്ങളെ വികാരത്തിലേക്ക് കൊണ്ടുപോകുന്നത്? മായയുടെ ഭൂതം. നിങ്ങളുടെ ലക്ഷ്യം തന്നെ ഇതാണ്(ലക്ഷ്മീ നാരായണൻ). ഇത് രാജയോഗമല്ലേ. ബാബയെ ഓർമ്മിക്കുന്നതിലൂടെ ഈ സമ്പത്ത് ലഭിക്കുന്നു. അപ്പോൾ ഈ ജോലിയിൽ മുഴുകണം. ഉള്ളിലുള്ള അഴുക്ക് മുഴുവനും ഇല്ലാതാക്കണം. മായയുടെ ശക്തിയും വളരെ കടുത്തതാണ്. പക്ഷേ അതിനെയും ഇല്ലാതാക്കിക്കൊണ്ടിരിക്കണം. എത്ര കഴിയുന്നുവോ ഓർമ്മയുടെ യാത്രയിൽ ഇരിക്കണം. എന്തായാലും നിരന്തരം ഓർമ്മിക്കുവാൻ സാധിക്കില്ല. അവസാനം നിരന്തരം ഓർമ്മയുണ്ടെങ്കിൽ മാത്രമേ ഉയർന്ന പദവി നേടാൻ സാധിക്കൂ. അഥവാ ഉള്ളിൽ സംശയമോ മോശമായ ചിന്താഗതികളോ ഉണ്ടെങ്കിൽ ഉയർന്ന പദവി ലഭിക്കില്ല. മായക്ക് വശപ്പെട്ട് തോൽവി സംഭവിക്കും.

ബാബ മനസ്സിലാക്കിത്തരുന്നു – കുട്ടികളേ, മോശമായ ജോലികൾ ചെയ്ത് തോൽവി സംഭവിക്കരുത്. നിങ്ങൾ നിന്ദിക്കുന്നു എങ്കിൽ നിങ്ങളുടെ അവസ്ഥതന്നെ മോശമായിത്തീരുകയാണ്. ഇപ്പോൾ സദ്ഗതിയുണ്ടാകണമെങ്കിൽ മോശമായ കർമ്മം ചെയ്യുന്നത് അവസാനിപ്പിക്കണം. ബാബ കാണുന്നുണ്ട് മായ കഴുത്തു വരെയ്ക്ക് വിഴുങ്ങിയിരിക്കുകയാണ്. അറിയുന്നതുപോലുമില്ല. ഞാൻ നല്ലതായി നടക്കുന്നു എന്നാണ് സ്വയം മനസ്സിലാക്കുന്നത്, പക്ഷെ ഇല്ല. ബാബ മനസ്സിലാക്കിത്തരുന്നു – മനസാ, വാചാ, കർമ്മണാ വായിലൂടെ ജ്ഞാനരത്നങ്ങൾ മാത്രം വീഴണം. മോശമായ കാര്യങ്ങൾ പറയുന്നത് കല്ലുകൾക്കു സമാനമാകുന്നു. ഇപ്പോൾ കല്ലിൽ നിന്നും പവിഴത്തിനു സമാനമായിത്തീരുന്നു എങ്കിൽ വായിൽ നിന്നും ഒരിക്കലും കല്ലുകൾ വീഴരുത്. ബാബയ്ക്ക് എല്ലാം മനസ്സിലാക്കിത്തരണമല്ലോ. അച്ഛന്റെ കടമയാണ് കുട്ടികൾക്ക് മനസ്സിലാക്കിത്തരുക. അല്ലാതെ സഹോദരങ്ങളല്ല മനസ്സിലാക്കിത്തരേണ്ടത്. ടീച്ചറുടെ ജോലിയാണ് പഠിപ്പിക്കുക എന്നുള്ളത്. ടീച്ചർ എല്ലാം പറഞ്ഞുതരണമല്ലോ. വിദ്യാർത്ഥികൾ ഒരിക്കലും നിയമം കൈയ്യിലെടുക്കരുത്. നിങ്ങൾ വിദ്യാർത്ഥികളല്ലേ. ബാബയ്ക്ക് മനസ്സിലാക്കിത്തരുവാൻ സാധിക്കും. ബാക്കി കുട്ടികൾക്കുള്ള ബാബയുടെ നർദ്ദേശമാണ് ഒരേയൊരു ബാബയെ ഓർമ്മിക്കൂ. നിങ്ങളുടെ ഭാഗ്യം ഇപ്പോൾ തുറന്നിരിക്കുകയാണ്. ശ്രീമത്ത് പ്രകാരം മുന്നേറിയില്ലെങ്കിൽ നിങ്ങളുടെ ഭാഗ്യം തന്നെയാണ് മോശമാകുന്നത് പിന്നീട് വളരെ പശ്ചാത്തപിക്കേണ്ടതായി വരുന്നു. ബാബയുടെ ശ്രീമത്ത് പാലിക്കുന്നില്ലെങ്കിൽ, ഒന്ന് ശിക്ഷകൾ അനുഭവിക്കേണ്ടതായി വരുന്നു, രണ്ട് പദവി ഭ്രഷ്ടമായിത്തീരുന്നു. ജന്മജന്മാന്തരത്തേക്ക് കല്പകല്പാന്തരത്തേക്ക് ഇതു തന്നെയായിരിക്കും. ബാബ വന്ന് പഠിപ്പിക്കുന്നു എങ്കിൽ ബുദ്ധിയിലുണ്ടായിരിക്കണം–ബാബ നമ്മുടെ ടീച്ചറാണ്, ബാബയിൽ നിന്നുമാണ് നമുക്ക് ആത്മജ്ഞാനം ലഭിക്കുന്നത്. ആത്മാക്കളുടെയും പരമാത്മാവിന്റെയും മേള എന്നാണ് പറയുക. ഇനി വീണ്ടും 5000 വർഷങ്ങൾക്കുശേഷം മാത്രമേ ഇത് ലഭിക്കൂ, അതുകൊണ്ട് ഈ സമയം എത്രത്തോളം സമ്പത്ത് വേണമോ എടുക്കുവാൻ സാധിക്കും. ഇല്ലെങ്കിൽ വളരെ പശ്ചാത്തപിക്കേണ്ടതായി വരുന്നു, കരയേണ്ടിവരും. എല്ലാം സാക്ഷാത്കാരമുണ്ടാകുമല്ലോ. സ്കൂളിൽ കുട്ടികൾ ട്രാൻസ്ഫറായിക്കഴിഞ്ഞാൽ പിന്നിൽ ഇരിക്കുന്നവരെ എല്ലാവരും ശ്രദ്ധിക്കുന്നു. ഇവിടെയും ട്രാൻസ്ഫറാകുന്നു. നിങ്ങൾക്കറിയാം ഇവിടെ ശരീരം ഉപേക്ഷിച്ച് പോയാൽ പിന്നീട് സത്യയുഗത്തിൽ രാജകുമാരന്മാരുടെ കോളേജിൽ പോയി ഭാഷ പഠിക്കാം. അവിടെയുള്ള മാതൃഭാഷയും എല്ലാവർക്കും പഠിക്കേണ്ടതായുണ്ട്. വളരെയധികം പേരിലും പൂർണ്ണ ജ്ഞാനമില്ല. നിരന്തരമായി പഠിക്കുന്നുമില്ല. ഒന്നോ രണ്ടോ തവണ പഠിപ്പ് മുടക്കിയാൽ പിന്നെ അതൊരു സ്വഭാവമായിത്തീരുന്നു. മായയുടെ ശിഷ്യന്മാരുടെ കൂട്ടുകെട്ടിൽ പെടുന്നു. ശിവബാബയുടെ ശിഷ്യരായി വളരെ കുറച്ചു പേർ മാത്രമേയുള്ളൂ. ബാക്കിയെല്ലാവരും മായയുടെ ശിഷ്യഗണങ്ങളാണ്. നിങ്ങൾ ശിവബാബയുടെ ശിഷ്യരാകുമ്പോൾ അത് മായയ്ക്ക് സഹിക്കുവാൻ സാധിക്കില്ല. അതുകൊണ്ട് നിങ്ങൾ സ്വയത്തെ വളരെയധികം സംരക്ഷിക്കണം. മോശമായ മനുഷ്യരിൽ നിന്നും നിങ്ങൾ അവനവനെ വളരെയധികം സംരക്ഷിക്കണം. ഹംസങ്ങളും കൊറ്റികളുമല്ലേ. ബാബ രാത്രിയിലും നിങ്ങളെ പഠിപ്പിച്ചിരുന്നു, മുഴുവൻ ദിവസം ആരെയെങ്കിലും നിന്ദിക്കുക പരചിന്തനം ചെയ്യുക, ഇതിനെയൊന്നും ദൈവീകഗുണങ്ങളെന്നു പറയുകില്ല. ദേവതകളൊരിക്കലും ഇങ്ങനെയുള്ള കർമ്മങ്ങൾ ചെയ്യില്ല. ബാബയെയും സമ്പത്തിനെയും ഓർമ്മിക്കാനാണ് ബാബ പറയുന്നത്, എന്നിട്ടും ചില കുട്ടികൾ നിന്ദിച്ചുകൊണ്ടിരിക്കുന്നവരുണ്ട്. നിങ്ങൾ ജന്മജന്മാന്തരം മറ്റുള്ളവരെ നിന്ദിച്ചുകൊണ്ട് വന്നു. ഇതിന്റെ മോശസംസ്കാരം തീർച്ചയായും ഉള്ളിലുണ്ടാവുക തന്നെ ചെയ്യും. ഇതിലൂടെ അവനവനെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. വളരെയധികം പേർക്ക് നഷ്ടങ്ങളും ഉണ്ടാക്കുന്നു. ഇവർ അങ്ങനെയാണ്, ഇങ്ങനെയാണ്..... ഇതറിഞ്ഞതിലൂടെ നിങ്ങൾക്ക് എന്തു നേട്ടമുണ്ടാകാനാണ്. എല്ലാവരുടെയും സഹായകൻ ഒരേയൊരു ബാബയാണ്. ഇപ്പോൾ നിങ്ങൾക്ക് ശ്രീമത്ത് പ്രകാരം മുന്നേറണം. മനുഷ്യമതം നിങ്ങളെ വളരെയധികം മോശമാക്കി മാറ്റുന്നു. മനുഷ്യർ പരസ്പരം മറ്റുള്ളവരെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്നു. ആക്ഷേപിക്കുക എന്നുള്ളതും മായയുടെ ഭൂതമാണ്. ഇത് പതിതലോകമാണ്. നിങ്ങൾക്കറിയാം നമ്മളിപ്പോൾ പതിതത്തിൽ നിന്നും പാവനമായിത്തീരുകയാണ്. അപ്പോൾ അതിന് ഈ കാര്യങ്ങളെല്ലാം തന്നെ വിഘ്നമായി

നിൽക്കുന്നു. അതുകൊണ്ട് ഇന്നു മുതൽക്ക് തന്റെ ചെവി പിടിക്കണം- ഒരിക്കലും എന്നിൽ നിന്നും ഇങ്ങനെയുള്ള കർമ്മങ്ങൾ ഉണ്ടാകരുത്. ഇനി ആരെങ്കിലും അതുപോലെ ചെയ്യുന്നത് നിങ്ങൾ കാണുകയാണെങ്കിൽ അത് ബാബയ്ക്ക് റിപ്പോർട്ട് ചെയ്യണം. ഇതിലൂടെ നിങ്ങൾക്കെന്താണ് ലഭിക്കുന്നത്! നിങ്ങളെന്തിനാണ് പരസ്പരം ആക്ഷേപിച്ചുകൊണ്ടിരിക്കുന്നത്! ബാബയ്ക്കെല്ലാം കേൾക്കേണ്ടിവരുമല്ലോ. ബാബ കണ്ണുകളും കാതുകളും ലോൺ എടുത്തിരിക്കുകയല്ലേ. ബാബയും കാണുന്നുണ്ട് ഈ ദാദയും കാണുന്നുണ്ട്. ചിലരുടെ പെരുമാറ്റവും വായുമണ്ഡലവും തീർത്തും നിയമവിരുദ്ധമാണ്. അച്ഛനില്ലാത്തവരെ അനാഥർ എന്നാണ് പറയുക. അവർക്ക് തന്റെ അച്ഛൻ ആരാണെന്ന് അറിയുന്നില്ല, ഓർമ്മിക്കുകയും ചെയ്യുന്നില്ല. ഉദ്ധരിക്കുന്നതിനു പകരം ഒന്നുകൂടി മോശമാവുകയാണുണ്ടാകുന്നത്. ഇതിലൂടെ അവനവന്റെ പദവി തന്നെ നഷ്ടപ്പെടുത്തുന്നു. ശ്രീമത്ത് പ്രകാരം മുന്നേറുന്നില്ലെങ്കിൽ അനാഥരാണ്. മാതാപിതാവിന്റെ ശ്രീമത്ത് പ്രകാരം ജീവിക്കുന്നില്ല. അങ്ങുതന്നെ മാതാവും പിതാവും ബന്ധുവും....ഇങ്ങനെയും ആവുന്നു. മുതുമുത്തശ്ശനില്ലെങ്കിൽ പിന്നെ മാതാവിനെ എങ്ങനെ ലഭിക്കാനാണ്, ഇത്ര ബുദ്ധിപോലുമില്ല. മായ ഒറ്റയടിക്ക് ബുദ്ധിയെ വലിച്ചെറിയുന്നു. പരിധിയില്ലാത്ത അച്ഛന്റെ ആജ്ഞ അനുസരിക്കുന്നില്ലെങ്കിൽ ശിക്ഷ അനുഭവിക്കുന്നു. ലേശം പോലും സദ്ഗതിയുണ്ടാവുകയില്ല. ബാബ കാണുകയാണെങ്കിൽ പറയുവാൻ സാധിക്കും ഇവരുടെ ഗതി എന്തായിത്തീരുമെന്ന്. ഇവർ എരിക്കിൻ പുഷ്പമാണ്, ഇവരെയൊന്നും ആർക്കും തന്നെ ഇഷ്ടപ്പെടില്ല. അപ്പോൾ തീർച്ചയായും സ്വയത്തെ ഉദ്ധരിക്കണം. ഇല്ലെങ്കിൽ പദവി തന്നെ നഷ്ടപ്പെടുന്നു. ജന്മജന്മാന്തരത്തേക്ക് നഷ്ടമുണ്ടാകുന്നു. പക്ഷേ ഈ കാര്യങ്ങളൊന്നും തന്നെ ദേഹാഭിമാനികളുടെ ബുദ്ധിയിലിരിക്കുകയില്ല. ആത്മാഭിമാനികൾക്കേ ബാബയോട് സ്നേഹമുണ്ടാകൂ. ബലിയർപ്പണമാകുക എന്നുള്ളത് ചിറ്റമ്മയുടെ വീടുപോലെയല്ല. വലിയ-വലിയ ധനവാന്മാർക്ക് ബലിയർപ്പണമാകുവാൻ സാധിക്കില്ല. മറ്റുള്ളവർക്ക് ബലിയർപ്പണമാകുന്നതിന്റെ അർത്ഥം പോലും മനസ്സിലാവുകയില്ല. കേൾക്കുമ്പോൾ തന്നെ ഹൃദയം വേദനിക്കുന്നു. ചിലർ ബന്ധനമുക്തരാണ്, അവർക്ക് കുട്ടികളൊന്നുമില്ല. അവർ ഇങ്ങനെ പറയും ബാബാ അങ്ങാണ് ഞങ്ങളുടെ സർവ്വസ്വവും. ഇങ്ങനെ വായിലൂടെ പറയുമെങ്കിലും അത് സത്യമല്ല. ബാബയോടും ചിലപ്പോൾ അസത്യം പറയുന്നു. ബലിയർപ്പണമായി എങ്കിൽ എല്ലാ മമത്വങ്ങളും ഇല്ലാതാകണം. ഇപ്പോൾ അവസാനസമയമായതിനാൽ ശ്രീമത്ത് പാലിക്കണം. തന്റെ സമ്പത്തിൽ നിന്നുമുള്ള മമത്വത്തെയും ഇല്ലാതാക്കണം. ചിലർ ബന്ധനമുക്തരായവരുമുണ്ട്. ശിവബാബയെ തന്റേതാക്കി മാറ്റി അർത്ഥം ദത്തെടുത്തു. ബാബ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. ബാബയുടെ പൂർണ്ണ സമ്പത്തും നേടുന്നതിനായി നമ്മൾ ബാബയെ തന്റേതാക്കി മാറ്റുകയാണ്. ആരാണോ ബാബയുടെ കുട്ടികളാകുന്നത്, അവർ തീർച്ചയായും രാജധാനിയിലേക്കു വരുന്നു. പക്ഷേ അതിലും പദവിയിൽ വ്യത്യാസമുണ്ടാകുന്നു. ധാരാളം ദാസ-ദാസിമാർ തന്നെ ആവശ്യമാണ്. പരസ്പരം ആജ്ഞ നൽകുന്നു. ദാസിമാരിലും നമ്പർവൈസാണ്. രാജകീയ കുലത്തിൽ പുറമെയുള്ള ദാസദാസിമാർക്ക് പ്രവേശനമില്ല. ബാബയുടേതായവർക്ക് തീർച്ചയായും അതനുസരിച്ചുള്ള പദവിയും ലഭിക്കുന്നു. കാൽക്കാശിനുപോലും ബുദ്ധിയില്ലാത്ത ചില കുട്ടികളും ബാബയ്ക്കുണ്ട്.

ബാബ ഒരിക്കലും കുട്ടികളോട് മമ്മയെയോ തന്റെ ഈ രഥത്തെയോ(ബ്രഹ്മാവ്) ഓർമ്മിക്കാനായി പറഞ്ഞിട്ടില്ലല്ലോ. ബാബ പറയുന്നത് എന്നെ മാത്രം ഓർമ്മിക്കൂ എന്നാണ്. ദേഹത്തിന്റെ എല്ലാ ബന്ധങ്ങളെയും മറന്ന് സ്വയം ആത്മാവെന്നു മനസ്സിലാക്കണം. ബാബ മനസ്സിലാക്കിത്തരുന്നു പ്രീതി വെയ്ക്കണമെങ്കിൽ ഒരേയൊരു ബാബയോട് വെയ്ക്കൂ എന്നാൽ തോണി മറുകര കടക്കും. ബാബയുടെ നിർദ്ദേശമനുസരിച്ച് ജീവിക്കണം. മോഹാജീത്ത് രാജാവിന്റെ കഥയില്ലേ. ആദ്യംതന്നെ കുട്ടികളോടുള്ള മോഹമാണ്, കാരണം കുട്ടികളാണല്ലോ സമ്പത്തിന്റെ അവകാശികളായിത്തീരുന്നത്. പത്നിയ്ക്ക് പകുതിയല്ലേ ലഭിക്കൂ പക്ഷേ കുട്ടികൾ മുഴുവൻ സമ്പത്തിന്റെയും അധികാരികളായിത്തീരുന്നു. അപ്പോൾ ബുദ്ധി അങ്ങോട്ട് പോകുന്നു, ബാബയെ പൂർണ്ണ അവകാശിയാക്കുകയാണെങ്കിൽ ബാബ തന്റെ സർവ്വ സമ്പത്തും നമുക്ക് നൽകുന്നു. ഇവിടെ കൊടുക്കൽ വാങ്ങലിന്റെ കാര്യമല്ല. ഇതിലെല്ലാം തന്നെ വിവേകം പ്രയോഗിക്കണം. നിങ്ങൾ ഇവിടെ കേൾക്കുന്നുണ്ടങ്കിലും അടുത്ത ദിവസം എല്ലാം തന്നെ മറന്നു പോകുന്നു. ബുദ്ധിയിലുണ്ടെങ്കിൽ മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കുന്നു. ബാബയെ ഓർമ്മിച്ചാൽ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരുന്നു. ഇത് വളരെയധികം സഹജമാണ്, വായിലൂടെ ഈ കാര്യങ്ങൾ പറഞ്ഞു കൊടുത്താൽ മതി. ലക്ഷ്യത്തെക്കുറിച്ച് മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കണം. വിശാലബുദ്ധികളായ കുട്ടികൾ പെട്ടെന്നു തന്നെ കാര്യങ്ങൾ മനസ്സിലാക്കുന്നു. അന്തിമസമയത്ത് ഈ ചിത്രങ്ങളെല്ലാം ഉപയോഗത്തിലേക്ക് വരുന്നു. ഈ ചിത്രങ്ങളിൽ മുഴുവൻ രഹസ്യങ്ങളും അടങ്ങിയിരിക്കുന്നു. ലക്ഷ്മി-നാരായണനും രാധാ-കൃഷ്ണനും പരസ്പരം എന്തു സംബന്ധമാണുള്ളത്? ഇതൊന്നും ആർക്കും തന്നെ അറിയുന്നില്ല. ലക്ഷ്മിനാരായണൻ തന്നെയാണ് ഏറ്റവും ആദ്യത്തെ മഹാരാജാ -മഹാറാണിമാർ. യാചകനിൽ നിന്നും രാജകുമാരനാകുന്നു. യാചകനിൽ നിന്നും രാജാവാകുന്നില്ല.

രാജകുമാരനായതിനുശേഷം മാത്രമാണ് രാജാവാകുന്നത്. ഇതെല്ലാം തന്നെ വളരെയധികം സഹജമാണ് പക്ഷേ മായ ചിലരെ പിടികൂടുന്നുണ്ട്. ആരെയെങ്കിലും ആക്ഷേപിക്കുക, നിന്ദിക്കുക ഇതെല്ലാം വളരെയധികം പേരുടെ സ്വഭാവമായിരിക്കുകയാണ്. മറ്റൊരു ജോലിയുമില്ലാത്തവരാണ് ഇങ്ങനെ ചെയ്യുക. അങ്ങനെയുള്ളവർ ബാബയെ ഓർമ്മിക്കുന്നില്ല. പരസ്പരം ആക്ഷേപിക്കുക എന്ന ജോലിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതാണ് മായയുടെ പാഠം. ബാബയുടെ പാഠം തീർത്തും നേരായതാണ്. അവസാന സമയത്ത് ഈ സന്യാസിമാരെല്ലാവരും ഉണരുന്നു, ബ്രഹ്മാകുമാരി-കുമാരന്മാരിലാണ് ജ്ഞാനമുള്ളതെന്ന് പറയുന്നു. കുമാർ-കുമാരിമാർ പവിത്രമായവരാണ്. നമ്മൾ പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. നമ്മുടെ ഉള്ളിൽ മോശമായിട്ടുള്ള ഒരു ചിന്താഗതികളും വരരുത്. വളരെയധികം പേരിൽ ഇപ്പോഴും മോശമായ ചിന്താഗതികൾ നടക്കുന്നുണ്ട്, അവർക്ക് അതിനുള്ള ശിക്ഷകളും വളരെ കടുത്തതാണ്. ബാബ വളരെ നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നുണ്ട്. അഥവാ നിങ്ങളിൽ മോശമായ ഏതെങ്കിലും പെരുമാറ്റം കാണുകയാണെങ്കിൽ പിന്നെ ഇവിടെയിരിക്കുവാൻ സാധിക്കില്ല. യോഗ്യരല്ലാത്തതു കാരണം കുറച്ച് ശിക്ഷകളും നൽകേണ്ടതായി വരുന്നു. ബാബയെ ചതിക്കുകയാണ്. നിങ്ങൾക്ക് ബാബയെ ഓർമ്മിക്കാൻ സാധിക്കില്ല. അവസ്ഥ മുഴുവനും താഴേക്കു പോകുന്നു. അവസ്ഥ താഴേക്കു പോകുന്നതിനെത്തന്നെയാണ് ശിക്ഷ എന്നു പറയുന്നത്. ശ്രീമത്ത് പ്രകാരം മുന്നേറിയില്ലെങ്കിൽ തന്റെ പദവി നഷ്ടപ്പെട്ടു പോകുന്നു. ബാബയുടെ നിർദ്ദേശം പാലിച്ചില്ലെങ്കിൽ വീണ്ടും ഭൂതത്തിന്റെ പ്രവേശനം ഉണ്ടാകുന്നു. ബാബയ്ക്ക് ഇടയ്ക്കിടെ ഇങ്ങനെ തോന്നാറുണ്ട് ഇപ്പോൾ തന്നെ കടുത്ത ശിക്ഷകളൊന്നും തന്നെ ആരംഭിക്കേണ്ട എന്ന്. ശിക്ഷകളും വളരെയധികം ഗുപ്തമാണല്ലോ. കടുത്ത പീഢനങ്ങൾ കുട്ടികൾ അനുഭവിക്കരുതെന്ന് ബാബയ്ക്ക് തോന്നാറുണ്ട്. വളരെയധികം പേർ താഴേക്ക് വീണു പോകുന്നു, ശിക്ഷകൾ അനുഭവിക്കുന്നു. ബാബ എല്ലാം നമുക്ക് സൂചനയിലൂടെ മനസ്സിലാക്കിത്തരുന്നു. ധാരാളം പേർ തന്റെ ഭാഗ്യത്തിനു കുറുകെ വര വീഴ്ത്തുന്നു. അതുകൊണ്ടാണ് ബാബ ശ്രദ്ധയോടെയിരിക്കുവാൻ പറയുന്നത്. ഇപ്പോൾ തെറ്റുകൾ ചെയ്യാനുള്ള സമയമല്ല. സ്വയം അവനവനെ ഉദ്ധരിക്കൂ. അന്തിമ സമയം വരാൻ ഒട്ടും താമസമില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. നിയമം തെറ്റിച്ചിട്ടുള്ള, ശ്രീമത്തിനു വിരുദ്ധമായ പെരുമാറ്റങ്ങളൊന്നും തന്നെ പാടില്ല. സ്വയം തന്നെ സ്വയത്തെ ഉദ്ധരിക്കണം. മോശമായ മനുഷ്യരിൽ നിന്നും സ്വയത്തെ സംരക്ഷിക്കണം.

2. ബന്ധനമുക്തരാണെങ്കിൽ പൂർണ്ണമായും ബലിയർപ്പണം ചെയ്യണം. തന്റെ മമത്വത്തെ ഇല്ലാതാക്കണം. ഒരിക്കലും ആരെയും നിന്ദിക്കരുത്, പരചിന്തനം ചെയ്യരുത്. മോശമായ അഴുക്ക് ചിന്തകളിൽ നിന്നും സ്വയത്തെ മുക്തമാക്കണം.

## വരദാനം - സമർത്ഥ സ്ഥിതിയുടെ സ്വിച്ച് ഓൺ ചെയ്ത് വ്യർത്ഥത്തിന്റെ അന്ധകാരത്തെ സമാപ്തമാക്കുന്ന അവ്യക്ത ഫരിസ്തയായി ഭവിയ്ക്കട്ടെ.

എങ്ങനെയാണോ സ്ഥൂലമായ ലൈറ്റിന്റെ സ്വിച്ച് ഓൺ ചെയ്യുന്നതിലൂടെ അന്ധകാരം സമാപ്തമാകുന്നത്, അതുപോലെ സമർത്ഥ സ്ഥിതിയാണ് സ്വിച്ച്, ഈ സ്വിച്ച് ഓൺ ചെയ്താൽ വ്യർത്ഥത്തിന്റെ അന്ധകാരം സമാപ്തമാകുന്നു. ഓരോരോ വ്യർത്ഥ സങ്കല്പത്തെയും സമാപ്തമാക്കുന്നതിന്റെ പ്രയത്നത്തിൽ നിന്നും മുക്തമാകുന്നു. സ്ഥിതി സമർത്ഥമാണെങ്കിൽ മഹാദാനി-വരദാനിയായിത്തീരുന്നു എന്തുകൊണ്ടെന്നാൽ ദാതാവിന്റെ അർത്ഥം തന്നെ സമർത്ഥം എന്നാണ്. സമർത്ഥരായവർക്കെ നൽകുവാൻ സാധിക്കൂ. എവിടെ സമർത്ഥതയുണ്ടോ അവിടെ വ്യർത്ഥം സമാപ്തമാകുന്നു. അപ്പോൾ ഇതാണ് അവ്യക്ത ഫരിസ്തകളുടെ ശ്രേഷ്ഠ കാര്യം.

## സ്ലോഗൻ - സത്യതയുടെ ആധാരത്തിൽ സർവ്വാത്മാക്കളുടെ ഹൃദയത്തിൽ നിന്നുമുള്ള ആശീർവ്വാദങ്ങൾ പ്രാപ്തമാക്കുന്നവർ തന്നെയാണ് ഭാഗ്യശാലി ആത്മാക്കൾ.